7004

വി ആർ.3.4242/08/ഡിപിഐ

വിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം തീയതി: 18.8.10.

## സർക്കുലർ

വിഷയം:- വിദ്യാരംഗം -കലാസാഹിത്യവേദി 2010-11 വർഷത്തെ കലാസാഹിത്യമത്സരങ്ങൾ - നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- കലാസാഹിത്യവേദി മാന്വൽ

വിദ്യാരംഗം കലാസാഹിത്യവേദി 2010 ലെ സംസ്ഥാന സാഹിത്യോത്സവത്തോടനുബന്ധിച്ച് താഴെപ്പറയുന്ന ഇനങ്ങളിൽ മത്സരങ്ങൾ നടത്തുന്നതാണ്.

| | മത്സരങ്ങൾ | |
|---|---|---|
| | ഹൈസ്ക്കൂൾ വിഭാഗം | യു.പി.വിഭാഗം |
| 1 | കഥ (രണ്ടു മണിക്കൂർ) | കഥ (ഒന്നരമണിക്കൂർ) |
| 2 | കവിത ( രണ്ടു മണിക്കൂർ) | കവിത (ഒന്നരമണിക്കൂർ) |
| 3 | ചിത്ര രചന(രണ്ടു മണിക്കൂർ) | ചിത്രരചന (രണ്ടു മണിക്കൂർ) |
| 4 | ഉപന്യാസം(രണ്ടു മണിക്കൂർ) | ഉപന്യാസം (രണ്ടു മണിക്കൂർ) |
| 5 | നാടൻപാട്ട് | - |
| 6 | കാ വ്യമഞ്ജരി | - |
| 7 | പുസ്തകാസ്വാദനക്കുറിപ്പ് | - |
| 8 | സാഹിത്യ ക്വിസ് | - |

നാടൻപാട്ട്, കാവ്യമഞ്ജരി, പുസ്തകാസ്വാദനക്കുറിപ്പ്, സാഹിത്യക്വിസ് എന്നിവയിൽ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾ മാത്രമേ പങ്കെടുക്കുവാൻ പാടുള്ളൂ. സാഹിത്യ ക്വിസിൽ രണ്ടുവിദ്യാർത്ഥികളടങ്ങുന്ന ടീമാണു മത്സരിക്കേണ്ടത്. 2010 ജനുവരിലക്കം മുതലുള്ള വിദ്യാരംഗം മാസികയിൽ നിന്നും മുപ്പതുശതമാനം ചോദ്യം സാഹിത്യക്വിസിൽ ഉണ്ടായിരിക്കും. അഞ്ചുപേരടങ്ങുന്ന ഒരു ടീം ആയിരിക്കണം നാടൻപാട്ടിൽ മത്സരിക്കേണ്ടത്. നാടൻപാട്ടിൽ വേഷവിധാനവും താളവാദ്യങ്ങളും ആകാമെങ്കിലും മൂല്യനിർണ്ണയത്തിനെ ഒരുവിധത്തിലും ഇവ സ്വാധീനിയ്ക്കാൻ പാടുള്ളതല്ല. ഒരു ടീമിന് അഞ്ചുമിനിട്ടിൽ കൂടുതൽ സമയം അനുവദിക്കാവുന്നതുമല്ല. കാവ്യമഞ്ജരിക്കു **വൈലോപ്പിള്ളിക്കവിതകളാണു** ചൊല്ലേണ്ടത്. കാവ്യമഞ്ജരിയുടെയും സമയം അഞ്ചുമിനിട്ടായിരിക്കും. പുസ്തകാസ്വാദനക്കുറിപ്പിന് താഴെപ്പറയുന്ന പുസ്തകങ്ങളിൽ ഏതെങ്കിലും പത്തെണ്ണത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കേണ്ടതാണ്.

..2..

1. ആടുജീവിതം (നോവൽ) - ബന്യാമിൻ
2. എൻമകജെ (നോവൽ) - അംബികാസുതൽ മാങ്ങാട്
3. താമരത്തോണി (കവിത) - പി.കുഞ്ഞിരാമൻ നായർ
4. ഇത് ഭൂമിയാണ് (നാടകം) - കെ.ടി.മുഹമ്മദ്
5. അശ്വമേധം (നാടകം) - തോപ്പിൽഭാസി
6. ജ്ഞാനപ്പാന (കവിത) - പൂന്താനം
7. മലയാളത്തിന്റെ സുവർണ്ണകഥകൾ - കോവിലൻ
8. കഥ - കാരൂർ നീലകണ്ഠപിള്ള
9. ഏകാന്തവീഥിയിലെ അവധൂതൻ (ജീവചരിത്രം) - എം.കെ.സാനു.
10. എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ (ആത്മകഥ) - ഗാന്ധിജി
11. ഭൂമി പൊതുസ്വത്ത് (വൈജ്ഞാനിക സാഹിത്യം) - ഒരു സംഘം ലേഖകർ (ശാസ്ത്രസാഹിത്യ പരിഷത്ത്)
12. ഹിമാലയസാനുക്കളിൽ (യാത്രാവിവരണം) - രാമചന്ദ്രൻ
13. ഭാരതപര്യടനം (പഠനം) - കുട്ടികൃഷ്ണമാരാർ
14. വിശ്വവിഖ്യാതമായ മൂക്ക് (ഹാസ്യം) - ബഷീർ
15.. ഒരു ചെറുപുഞ്ചിരി (തിരക്കഥ) - എം.ടി.
16. ചിത്രകലയിലെ ചക്രവർത്തിമാർ - പൊന്ന്യംചന്ദ്രൻ
17. സിനിമയുടെ ലോകം (പഠനം) - അടൂർഗോപാലകൃഷ്ണൻ
18. സൗരയൂഥവും അതിനപ്പുറവും (ശാസ്ത്രം) - പ്രൊഫ.ശ്രീധരൻ (ശാസ്ത്രസാഹിത്യ പരിഷത്ത്)
19. അമ്മകൊയ്യുന്നു. (ബാലസാഹിത്യം) - മുണ്ടൂർ സേതുമാധവൻ (ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്)
20. വേറിട്ടകാഴ്ചകൾ (അനുഭവങ്ങൾ) - വി.കെ.ശ്രീരാമൻ

കലാസാഹിത്യവേദിയുടെ മേഖലാമത്സരങ്ങൾ നവംബറിലും സംസ്ഥാന സാഹിത്യോത്സവം ഡിസംബറിലും നടക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ്:-
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ വിദ്യാരംഗം ജില്ലാ കൺവീനർമാർക്കും.

എ.എസ്.19.08.